**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2266** **12-02-2024 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ ഇന്റെൻസീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ഒരു കോടി രൂപയിലധികം ചെലവിട്ട് പ്രവർത്തനസജ്ജമാക്കിയ ഇന്റെൻസീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; | (എ) | കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ഇന്റൻസീവ് കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനും അത് സുഗമമായി മുന്നോട്ട് കൊണ്ടു പോകുന്നതിനുമായി ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഏഴ് സ്റ്റാഫ് നേഴ്സുമാരുടേയും രണ്ട് നെഴ്സിംഗ് അസിസ്റ്റന്റുമാരുടേയും അധിക സേവനം ആവശ്യമാണ്. ജീവനക്കാരെ ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്. |
| (ബി) | പരിശീലനം നേടിയ നഴ്സിംഗ് സ്റ്റാഫ് അടക്കമുള്ള ജീവനക്കാരെ നിയമിച്ച് ഇന്റെൻസീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | ഐ.സി.യു. പ്രവർത്തനാരംഭത്തിനായി ജീവനക്കാരെ ആവശ്യപ്പെട്ട് നൽകിയ അപേക്ഷ പ്രകാരം നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും രണ്ട് സ്റ്റാഫ് നേഴ്സുമാരെ നിയമിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിലെ നെഴ്സിംഗ് ഓഫീസർമാർക്ക് മഞ്ചേരി മെഡിക്കൽ കോളേജിൽ വച്ച് ഐ.സി.യു. Hands on Training നൽകുന്ന നടപടികൾ നടന്നു വരുന്നു. |
| (സി) | കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ നിലവിൽ എത്ര ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടെന്ന് തസ്തിക തിരിച്ച് അറിയിക്കുമോ, പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനു നടപടി സ്വീകരിക്കുമോ? | (സി) | ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സി. മുഖാന്തിരവും സ്ഥാനക്കയറ്റം മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

ജീവനക്കാരുടെ ഒഴിവ് വിവരങ്ങൾ.

| ക്രമ നം. | തസ്തിക | അനുവദിച്ച എണ്ണം | നിലവിൽ ഉള്ളത് | ഒഴിവ് |
|---|---|---|---|---|
| 1. | അസിസ്റ്റന്റ് സർജൻ | 4 | 3 | 1 |
| 2. | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 4 | 3 | 1 |
| 3. | നഴ്സിംഗ് ഓഫീസർ | 13 | 12 | 1 |
| 4. | ഹെൽത്ത് ഇൻസ്പെക്ടർ | 1 | 0 | 1 |
| 5. | ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് | 6 | 3 | 3 |
| 6. | റേഡിയോഗ്രാഫർ | 1 | 0 | 1 |
| 7. | ഡ്രൈവർ | 2 | 1 | 1 |
| 8. | എക്സ്റേ അറ്റൻഡർ | 1 | 0 | 1 |
| 9. | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1 | 1 | 0 | 1 |
| 10. | പാർട്ട് ടൈം സ്വീപ്പർ | 1 | 0 | 1 |
| **ആകെ** | | | | **12** |

**സെക്ഷൻ ഓഫീസർ**